നമ്പർ. ജി4/1516/2016/ഫാ&ബോ.

"സുരക്ഷാഭവൻ"
ഡയറക്ടറേറ്റ് ഓഫ് ഫാക്ടറീസ് &ബോയിലേഴ്സ്
കുമാരപുരം, തിരുവനന്തപുരം-11
ഫോൺ 0471-2441597
ഇ-മെയിൽ director@fabkerala.gov.in
തീയതി. 02.08.2018

**സർക്കുലർ നമ്പർ 24/2018**

വ്യവസായ സൗഹൃദ സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളത്തെ മുന്നിൽ എത്തിക്കുക എന്ന ലക്ഷ്യം മുൻനിർത്തി നിക്ഷേപകർക്ക് വേഗത്തിലും സുതാര്യവുമായ സേവനം വിവിധ സർക്കാർ വകുപ്പുകളിൽ നിന്ന് ലഭിക്കുന്നതിനായി, നടപടി ക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് സർക്കാർ നടപ്പിലാക്കിയ ഏകജാലക സംവിധാനമായ K-SWIFT, സർക്കാർവകുപ്പുകളും നിക്ഷേപകരും തമ്മിലുള്ള ഏകോപനം ഉറപ്പാക്കുന്നു. ഫാക്ടറികൾ ഉൾപ്പെടെയുള്ള ബിസിനസ് സംരംഭങ്ങൾ ആരംഭിക്കുന്നതിനും അതിന്റെ പ്രവർത്തനങ്ങൾ സുഗമമായി നടത്തിക്കൊണ്ടുപോകുന്നതിനും വേണ്ടിയുള്ള ഒരു ഇന്ററാക്ടീവ് സിസ്റ്റം ആയി K-SWIFT പ്രവർത്തിക്കുന്നു. എൻ.ഒ-സികൾ, ലൈസൻസുകൾ, രജിസ്ട്രേഷനുകൾ തുടങ്ങിയവയുടെ സമഗ്രമായ ചെക് ലിസ്റ്റുകൾ, നടപടി ക്രമങ്ങൾ, പൊതുവായ അപേക്ഷാ ഫോറം തുടങ്ങിയവ K-SWIFT-ന്റെ ഭാഗമാണ്. നിലവിൽ ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പുമായി ബന്ധപ്പെട്ട പ്ലാൻ അപ്രൂവൽ, ലൈസൻസ് എന്നിവ K-SWIFT ൽ ഉൾപ്പെടുത്തിയിരിക്കുന്നു. പ്ലാൻ അപ്രൂവൽ അപേക്ഷകൾക്ക് 90 ദിവസവും ലൈസൻസ് അപേക്ഷകൾക്ക് 30 ദിവസവുമാണ് അനുവദിച്ചിട്ടുള്ളത്. K-SWIFT മുഖേന ലഭിക്കുന്ന അപേക്ഷകളിൽ പ്രസ്തുത കാലാവധിക്കുള്ളിൽ തീർപ്പാക്കേണ്ടിയിരിക്കുന്നതിനാൽ അപാകത ഇല്ലാത്ത അപേക്ഷകളിൽ അതാത് ഓഫീസുകളിലെ നടപടി 15 ദിവസത്തിനുള്ളിൽ തീർപ്പാക്കി ബന്ധപ്പെട്ട മേലധികാരിക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷയിൽ അപാകത ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരവും അപാകതയും അപേക്ഷകനെ എത്രയും വേഗം അറിയിക്കേണ്ടതാണ്. അപേക്ഷ നിശ്ചിത സമയ പരിധിക്കുള്ളിൽ ബന്ധപ്പെട്ട മേലധികാരിക്ക് സമർപ്പിക്കാത്തപക്ഷം, ആയതിന്റെ ഉത്തരവാദിത്തം ബന്ധപ്പെട്ട ഓഫീസർക്കായിരിക്കും എന്നുള്ള വിവരവും അറിയിച്ചുകൊള്ളുന്നു.

ഡയറക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ്

എല്ലാ ഓഫീസർമാർക്കും

പകർപ്പ്: JD(HQ)/IF(HQ)/HD/JS(L)/Website/Stock file